'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. ചന്ദ്രൻ സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1288/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,24/06/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.03.2015-ലെ ഇ12(എസ് സി 82/2014/കെകെഡി)1260/2015 നമ്പർ കത്ത്

2 സ.ഉ.(സാധാ) നം.1718/2018/തസ്വഭവ തീയതി 25.06.2018

3 ശ്രീ. പി. ചന്ദ്രൻ സമർപ്പിച്ച 31.08.2018-ലെ അപ്പീൽ അപേക്ഷ

## ഉത്തരവ്

തെരുവ് വിളക്കുകൾ വാങ്ങിയതിലും, അറ്റകുറ്റപ്പണി നടത്തിയതിലും ക്രമക്കേടുകൾ നടന്നിട്ടുണ്ട് എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ തെരുവ് വിളക്ക് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി പരിപാലിച്ചില്ലെന്നും, സപ്ലൈ ഓർഡറിൽ തെരുവ് വിളക്കിന്റെ ശരിയായ സ്പെസിഫിക്കേഷൻ കാണിച്ചിട്ടില്ലായെന്നുമുള്ള ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ചന്ദ്രനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് ശ്രീ. പി. ചന്ദ്രന് സെൻഷർ എന്ന ലഘുശിക്ഷ നൽകി പരാമർ ശം ( 2 ) ഉത്തരവ് പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. പി. ചന്ദ്രൻ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ടിയാൻ പരാമശം 2 ഉത്തരവിലേക്ക നയിച്ച അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട് സമർപ്പിച്ച വിശദീകരണത്തിൽ നിന്നും കൂടുതലായി ഒന്നും തന്നെ അപ്പീലിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. ചന്ദ്രൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. പി. ചന്ദ്രൻ, മുൻ സെക്രട്ടറി, നാദാപുരം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/231/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Danja M

സെക്ഷൻ ഓഫീസർ